നോവൽ - 2

# കുഞ്ഞാവ

● കെ.ടി ബാബുരാജ്



# കുഞ്ഞാവേട ആന

ആരെങ്കിലും ആനേനെ കണ്ടിട്ടുണ്ടോ... ടീച്ചറ് ചോദിച്ചു

ഞാങ്കണ്ടിറ്റുണ്ട്, ഞാങ്കണ്ടിറ്റുണ്ട്. കുറേപ്പേര് കൈപൊന്തിച്ചു.

നേരിട്ട് കണ്ടിട്ടുണ്ടോ?

കണ്ടിറ്റുണ്ട്, കണ്ടിറ്റുണ്ട്... അപ്പോഴും കുറേപ്പേര് കൈപൊക്കി.

ഇത്രയടുത്ത്ന്ന് കണ്ടിട്ടുണ്ടോ...

ഇത്രയട്ത്ത്ന്ന് കണ്ടിറ്റില്ല. ദൂരെന്ന് കണ്ടിറ്റ്ണ്ട്. രണ്ടു മൂന്ന് പേര് പറഞ്ഞു.

ആനേനെ തൊട്ടിട്ടുണ്ടോ...

ഞാൻ തൊട്ടിട്ടുണ്ട്. അത് പറഞ്ഞത് കൊച്ചൂട്ടനാണ്.

കൊച്ചൂട്ടൻ എഴുന്നേറ്റുനിന്ന് നെഞ്ച് വിരിച്ച് കഴുത്തുയർത്തി പറഞ്ഞു:

ടീച്ചറേ, ഞാൻ ആനേനെ തൊട്ടിട്ടുണ്ട്. ആനക്ക് പഴോം കൊടുത്തിട്ടുണ്ട്. അച്ഛനെടുത്താണ് ആനേ തൊടീച്ചത്.

ഇനീപ്പം ആരെങ്കിലും

▸▸ എസ്.എൻ.ഡി.പി യുടെ ആദ്യ ആജീവനാന്ത അധ്യക്ഷൻ– കുമാരനാശാൻ

ആനേ കാണാത്തവരു
ണ്ടോ...

അപ്പോഴാണ് കുഞ്ഞാ
വക്ക് കരച്ചില് വന്നത്.

എല്ലാരും ആനയെ കണ്ടി
ട്ടിണ്ട്. തൊട്ടിട്ടുമുണ്ട്. ഞാൻ
മാത്രം ആനെ കണ്ടിട്ടില്ല.

ടീവില് മാത്രമേ കണ്ടിട്ടു
ള്ളൂ...

കുഞ്ഞാവയ്ക്ക് സങ്കടം
അടക്കിവെക്കാനായില്ല.

അവൾ രണ്ടുകൈ
കൊണ്ടും മുഖം പൊത്തി
കരയാൻ തുടങ്ങി.

ടീച്ചറേ, കുഞ്ഞിലെച്ച്മി
കരയുന്നു.!

അയ്യോ കുഞ്ഞുലക്ഷ്മി
എന്തിനാ കരയുന്നേ... ടീച്ച
റോടി അവളുടെ അടുത്തു
വന്നു.

എന്തിനാ കുഞ്ഞുലക്ഷ്മി
കരയുന്നേ... ടീച്ചർ ചോദി
ച്ചു.

അവൾ മുഖത്തുനിന്നും
കൈയെടുത്ത് ടീച്ചറെ
നോക്കി കുറച്ചുകൂടി
ഉറക്കെ കരഞ്ഞു.

ഞാൻ ആനേ കണ്ടിറ്റില്ല.
ഞാൻ ആനേ കണ്ടിറ്റില്ല!

ഓ അതാണോ... ടീച്ചറ്
കുഞ്ഞുലക്ഷ്മിയെ നോക്കി
ച്ചിരിച്ചു.

അതിനെന്താ, നമുക്കെ
ല്ലാർക്കും ആനേ കാണാ
ല്ലോ. മേലേക്കാവിലെ ഉത്സ
വത്തിന് കാണാം.

അതുവേണ്ട. എനിക്കിപ്പം
ആനേക്കാണണം.

കുഞ്ഞാവ കരച്ചില്
നിർത്താൻ തയ്യാറായതേ
യില്ല.

എനിക്കിപ്പം ആനേ
കാണണം.

തൽക്കാലം നമുക്കൊരു
ആനപ്പാട്ട് പാടാം. എല്ലാരും
ടീച്ചറോടൊപ്പം പാടൂല്ലേ...

പാടാം പാടാം... എല്ലാരും
പറഞ്ഞു.

ഞാൻ പാടൂല്ല. കുഞ്ഞാവ
പറഞ്ഞു.

എനിക്കാനേ കാണണം.
കുഞ്ഞാവ വായപൊത്തിയി
രുന്നു.

ടീച്ചറ് പാടാൻ തുടങ്ങി.

ആന നല്ല ആന
കറുത്തു തടിച്ചൊരാന
വെളുത്ത കൊമ്പുള്ളാന
മെലിഞ്ഞ വാലുള്ളാന
ആന നല്ല ആന
കറുത്തു തടിച്ചൊരാന
നാലുകാലുള്ളാന
തടിച്ച കാലുള്ളാന
കുഞ്ഞിക്കണ്ണുള്ളാന
വലിയ ചെവിയുള്ളാന
ആന നല്ല ആന
കറുത്തു തടിച്ചൊരാന.

പാട്ടു കേട്ടപ്പോൾ
കുഞ്ഞാവയുടെ കരച്ചിൽ
നിന്നു. അവൾ മുഖത്തു
നിന്നും കൈയെടുത്ത്
എല്ലാവരെയും നോക്കി.

പെട്ടെന്ന് പാട്ടുനിന്നു.

അപ്പോൾ കുഞ്ഞാവ
വീണ്ടും ഉറക്കെ കരയാ
നൊരുങ്ങി.

എന്തിനാ കുഞ്ഞുലക്ഷ്മി
കരേണത്... ടീച്ചറ് ചോദിച്ചു.

ആനേടെ പാട്ട് ഇനീം
പാടണം.

എല്ലാവരും ഉറക്കെ ചിരി
ച്ചു. എല്ലാവർക്കും ഒപ്പം
കുഞ്ഞുലക്ഷ്മിയും പാടി:

ആന നല്ല ആന
കറുത്തു തടിച്ചൊരാന
തുമ്പിക്കൈയ്യുള്ളൊ
രാന...

(തുടരും)

## റെഡ് റിബൺ

എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളുടെയും എയ്ഡ്സ് രോഗികളോടുള്ള ഐക്യദാർഢ്യത്തിന്റെയും പ്രതീകമായി ഉപയോഗിക്കുന്ന ചിഹ്നമാണ് റെഡ് റിബൺ. ഈ ചിഹ്നം ആദ്യമായി ആവിഷ്കരിച്ചത് ന്യൂയോർക്ക് ആസ്ഥാനമായ Visual Aids എന്ന സംഘടനയാണ്.



**കഥാസാരം:** റോഡിൽ രക്തമൊലിച്ച് കിടക്കുന്ന ഷെപ്പാർ ഗ്രാമത്തിലെ ബാലനെ ശുനക് ഹോസ്പിറ്റലിലെത്തിച്ചു. അവന്റെ കൈയിലുണ്ടായിരുന്ന പേന പ്രൊഫസർ പ്യാരീബാലിന്റേതാണെന്ന് മനസ്സിലായി. ബാലനെയിടിച്ച വണ്ടിയുടെ ഡ്രൈവറേയും പിടികൂടി. പ്രൊഫസർ പ്യാരീബാൽ ഹോസ്പിറ്റലിലെത്തി. പ്രൊഫസറെ കുറിച്ചും അദ്ദേഹത്തിന്റെ അനിയൻ ഗുർമിത് ലാലിനെയും കുറിച്ചവർ അന്വേഷിച്ചു. രണ്ടുപേരും എന്തോ മറച്ചുവെക്കുന്നതായി അവർക്ക് തോന്നി. പ്യാരീബാൽ ഹോസ്പിറ്റലെത്തി ഡി.ജി.പി യോടൊപ്പം കുട്ടിയുമായി സംസാരിച്ചു. ˝ അവന്റെ സഹോദരിക്കെന്തോ ആപത്ത് വരാനിരിക്കുന്നുവെന്നാണത്രെ അവൻ പറയുന്നത്. ഷെപ്പാർ ഗ്രാമത്തിൽ പോയി അവളെ രക്ഷിക്കുന്നതിനെ കുറിച്ച് പൂച്ചപ്പോലീസും സംഘവും ആലോചിക്കുന്നു.

▸▸ കേരള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രഥമ ചെയർ പേഴ്സൺ– സുഗതകുമാരി